**2009, ഖുത്ബ നമ്പര്‍- 32**

07.08.2009
**ബയ്ത്തുല്‍ ഫുതൂഹ്,**
**ലണ്ടന്‍**

رَفِيْعُ الدَّرَجٰتِ ذُوالْعَرْشِ ۚ يُلْقِى الرُّوْحَ مِنْ اَمْرِهٖ عَلٰى مَنْ يَّشَآءُ مِنْ عِبَادِهٖ لِيُنْذِرَ يَوْمَ التَّلَاقِ ﴿١٦﴾

(40:16)

പദവികള്‍ ഉയര്‍ത്തുന്നവനായ അല്ലാഹു അത്യുന്നതനാണ്.എല്ലാ സിഫത്തുകളുടേയും ഉടമസ്ഥനാണവന്‍.അവന്‍ ഇച്ഛിക്കുന്നവരില്‍ അവന്‍ റൂഹ് ഇറക്കുന്നതാണെന്ന് അവന്‍ പറയുന്നു.അതായത് ആത്മീയജീവന്‍ നല്‍കുന്ന സന്ദേശവും നല്‍കി അവന്‍ ആളുകളെ അയക്കുന്നു.അത് ആത്മീയമൃതരെ ജീവിപ്പിക്കുകയും ഈ ഭൂമിയിലെ ജീവിതം നശ്വരമാണെന്നും, അനശ്വരജീവിതം മരണശേഷമാണെന്നും അവരെ ഓര്‍മ്മപ്പെടുത്തുകയും ചെയ്യുന്നു.അതുകൊണ്ട് പരീക്ഷണങ്ങള്‍ നിറഞ്ഞ ഈ ജീവിതത്തില്‍ ദൈവപ്രീതികരഗതമാകുന്ന പ്രവര്‍ത്തനങ്ങള്‍ നിങ്ങള്‍ ചെയ്യുക.അല്ലാഹു തആല ഓരോ ജനതയിലും ഓരോ കാലത്തും തന്റെ പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്.ഇക്കാലത്ത് തിരുനബി(സ.അ)യുടെ പ്രവചനപ്രകാരം തിരുദൂതരോടുള്ള പ്രേമം കാരണമായി വാഗ്ദത്ത മഹ്ദീമസീഹിനെ അയക്കുകയുണ്ടായി. തിരുനബി(സ.അ)നേരത്തെ വരാനിരിക്കുന്ന വ്യക്തിയെക്കുറിച്ച് അദ്ദേഹം **മഹ്ദി**യായിരിക്കും എന്ന് പറഞ്ഞിരുന്നു. അതായത് അല്ലാഹുവില്‍ നിന്നും ഹിദായത്ത് ലഭിച്ച വ്യക്തി. അദ്ദേഹം ശോചനീയമായിക്കിടക്കുന്ന ഇസ്ലാമിന്റെ അവസ്തയെ ശരിയാക്കുന്നതാണ്.അല്ലാഹു തന്റെ പരിശുദ്ധ ദാസരോട് സംസാരിക്കുന്ന പരിശുദ്ധവചനമാകുന്ന ഈ റൂഹാണ് ആത്മീയജീവിതത്തിന് നിതാനമായിത്തീരുന്നത്.ഇത് ജനങ്ങളെ നേരായ പന്ഥാവില്‍ വഴി നടത്തുന്നതിന് കാരണമായിത്തീരുകയുംചെയ്യുന്നു.

ഹസ്റത്ത് മസീഹ്മൗഊദ്(അ) ഇപ്രകാരം ഒരു ഇല്‍ഹാം ഉണ്ടായിരുന്നു; يُلْقِي الرُّوْحَ عَلٰي مَنْ يَشَآءُ مِنْ عِبَادِهٖ ഇതിന് തര്‍ജ്ജുമ നല്‍കിയിരിക്കുന്നത് ഇപ്രകാരമാണ്.തന്റെ ദാസരില്‍ നിന്ന് ആരിലാണോ അവന്‍ ആഗ്രഹിക്കുന്നത് അവരില്‍ തന്റെ റൂഹ് ഇടുന്നു. അതായത് നുബുവ്വത്തിന്റെ പദവി അവര്‍ക്ക് നല്‍ക്കുന്നു.മറ്റൊരു ഇല്‍ഹാം ഇപ്രകാരമാണ്; اَنْتَ مِنِّيْ بِمَنْزِلَةِ رُوْحِيْ നീ എന്നില്‍ നിന്ന് എന്റെ റൂഹിന്റെ സ്ഥാനത്താണ്.അതുകൊണ്ട് അല്ലാഹു തന്റെ ദാസരില്‍ ആരിലാണോ അവന്‍ ഉദ്ദേശിക്കുന്നത് അവരില്‍ തന്റെ റൂഹ് ഇട്ടുകൊണ്ടു അവരുടെ പദവി ഉയര്‍ത്തുന്നു.വിശുദ്ധഖുര്‍ആനില്‍ ഒരു സ്ഥാനത്ത് ഇപ്രകാരം കാണാം.

نَرْفَعُ دَرَجٰتٍ مَّنْ نَّشَآءُ ؕ اِنَّ رَبَّكَ حَكِيْمٌ عَلِيْمٌ ﴿٨٤﴾ (6:84)

നാം ഇച്ഛിക്കുന്നവരെ പല പദവികളിലായി ഉയര്‍ത്തുന്നു. നിന്റെ റബ്ബ് യുക്തിജ്ഞനും എന്നെന്നുമുളള അറിവ് ഉള്ളവനും കൂടിയാണ്.

ചുരുക്കത്തില്‍ ദറജാത്തുകള്‍(പദവികള്‍)ഉയര്‍ത്തുന്നത് അല്ലാഹുവാണ്.ഈ ലോകത്ത് തന്റെ ആത്മീയപദ്ധതി നടപ്പില്‍ വരുന്നതിന്നായി തന്റെ പ്രവാചകരേയും വലിമാരേയും വരിഷ്ഠദാസരേയും അവന്‍ അയക്കുന്നു. അല്ലാഹു പറയുന്നു; അവന്‍ ഹക്കീമും ആലിമുമാണ്. ആരെ, എപ്പോള്‍ തന്റെ പ്രത്യേകസന്ദേശം നല്‍കികൊണ്ട് ലോകോദ്ധാരണത്തിനും അവരെ ഉണര്‍ത്തുന്നതിനും അയക്കണമെന്ന് അവന്റെ യുക്തിയും അറിവും ആണ് തീരുമാനിക്കുന്നത്. ഹക്കീമും അലീമുമായ അല്ലാഹു ഇക്കാലത്ത് ഹ. മീര്‍സാ ഗുലാം അഹ്മദ് ഖാദിയാനി(അ)നെ മസീഹും മഹ്ദിയുമായി നിയോഗിച്ചയക്കുകയുണ്ടായി.ആഖരീങ്ങളില്‍ അദ്ദേഹത്തെ നിയോഗിക്കുമെന്ന കാര്യം വിശുദ്ധഖുര്‍ആനില്‍ അല്ലാഹു പറയുന്നുണ്ട്. റസൂലുല്ലാഹി (സ.അ) ഒരു പ്രത്യേക അടയാളം പറഞ്ഞുകൊണ്ട് വാഗ്ദത്തമസീഹിന്റെ സ്ഥാനം തന്റെ ഉമ്മത്തിനെ ധരിപ്പിക്കുകയും അദ്ദേഹത്തെ സ്വീകരിക്കാന്‍ ഉപദ്ദേശിക്കുകയും ചെയ്തിരുന്നു.മുസ്ലീംകള്‍ തിരുനബി(സ.അ) യുടെ ഈ ഉപദേശത്തെ ശുദ്ധഹൃദയത്തോടെ വായിക്കുകയും കേള്‍ക്കുകയും ചെയ്തിരുന്നെങ്കില്‍ തിരുനബി(സ) യുടെ ഈ പ്രേമിയോട് അവര്‍ക്ക് ഒരിക്കലും വെറുപ്പുണ്ടാകുമായിരുന്നില്ല; മാത്രമല്ല അവര്‍ അദ്ദേഹത്തെ സ്വീകരിക്കാന്‍ തയ്യാറാകുമായേനെ.

തിരുനബി(സ) വാഗ്ദത്ത മസീഹിന് നബിയുടെയും തന്റെ ഖലീഫയുടെയും സ്ഥാനമാണ് നല്‍കിയിരിക്കുന്നത്. അദ്ദേഹത്തിന്റെ കാലം പ്രാപിച്ചാല്‍ എന്റെ സലാം എത്തിക്കേണമെന്ന് അവിടുന്ന് പറഞ്ഞിരുന്നു. ഇങ്ങിനെയുള്ള ഹദീസുകള്‍ വിവിധ ഹദീസു ഗ്രന്ഥങ്ങളില്‍ കാണാവുന്നതാണ്. അല്‍ മുഅ്ജമുല്‍ കബീര്‍ ലിത്തിബ്റാനിയിലും അബൂദാവൂദിലും മുസ്നദ് അഹ്മദിബ്നൂ ഹംബലിലും എല്ലാം കാണാം.

മഹ്ദിയെകുറിച്ച് പറഞ്ഞ അടയാളം സുനന്‍ ദാറുല്‍ ഖുത്നിയില്‍ കാണാം. ഹദ്റത്ത് ഇമാം മുഹമ്മദ്ബ്നു ബാക്കിറില്‍നിന്നുള്ള രിവായത്താണ്. തിരുനബി(സ) അരുളി; നമ്മുടെ മഹ്ദിയുടെ സത്യതയ്ക്ക് രണ്ട് അടയാളങ്ങളാണുള്ളത്. ആകാശഭൂമി ഉണ്ടായതു മുതല്‍ മറ്റാരുടെ സത്യസാക്ഷ്യത്തിനുമായി ഈ രണ്ട് അടയാളങ്ങളും ഇതേരീതിയില്‍ പുലര്‍ന്നിട്ടില്ല. ചന്ദ്രഗ്രഹണത്തിന് നിശ്ചയിച്ച തിയ്യതികളില്‍ ആദ്യത്തെ രാത്രിയില്‍ ചന്ദ്രന് ഗ്രഹണം സംഭവിക്കും. സൂര്യഗ്രഹണത്തിന് നിശ്ചയിച്ച തിയ്യതികളിലെ മദ്ധ്യപകലില്‍ സൂര്യന് ഗ്രഹണം സംഭവിക്കും. അല്ലാഹു ആകാശഭൂമികള്‍ ഉണ്ടാക്കിയതു മുതല്‍ അടയാളം എന്ന നിലക്ക് ഇവ രണ്ടിനും ഇങ്ങനെ ഗ്രഹണം ഉണ്ടായിട്ടില്ല.

മഹ്ദി ഇമാമിന്റെ സ്ഥാനമാനത്തെ വിവരിക്കുന്നതിന്നായി ആകാശത്ത് വെളിപ്പെടുന്ന അത്യത്ഭുതങ്ങളായ രണ്ട് അടയാളങ്ങളെകുറിച്ചാണ് തിരുനബി(സ) പ്രവചിച്ചത്. 1894 - ല്‍ വ്യക്തമായ രീതിയില്‍ അത് പുലരുകയും ചെയ്തു. ഈ പ്രവചനത്തില്‍ اِنَّ لِمَهْدِيِّنَا آيَتَيْنِ നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങള്‍ ഉണ്ട് എന്ന് പറഞ്ഞുകൊണ്ട് മഹ്ദിക്ക് തിരുനബി(സ)യുമായുള്ള സാമീപ്യത്തെ കുറിച്ചും അടുപ്പത്തെകുറിച്ചുമാണ് സൂചിപ്പിക്കുന്നത്. ഞാന്‍ ഇപ്പോള്‍ പറഞ്ഞതിന്റെ ചുരുക്കം വരാനിരിക്കുന്ന മഹ്ദിയും മസീ ഹും ആരായിരുന്നാലും അദ്ദേഹത്തിന് പ്രത്യേകമായ ഒരു സ്ഥാനം ഉണ്ട് എന്നതാണ്. ഈ അടയാളങ്ങള്‍ ഹദ്റത്ത് മിര്‍സാഗുലാം അഹ് മദ് ഖാദിയാനി (അ)ല്‍ പുലര്‍ന്നതായി നാം കാണുന്നു. ഇത് കണ്ടുകൊണ്ട് സദ്പ്രകൃതക്കാര്‍ അഹ്മദിയ്യാ ജമാഅത്തില്‍ പ്രവേശിക്കുകയും ചെയ്യുന്നു. ആ മഹാത്മാവിന് അല്ലാഹു നല്‍കും എന്ന് പറഞ്ഞ ആ ഉന്നതസ്ഥാനം അദ്ദേഹം വാദം ഉന്നയിച്ച മുതല്‍ നല്‍കുകയുണ്ടായി. അതിപ്പോഴും നിലനിന്നുവരികയും ചെയ്യുന്നു.

പ്രവാചകന്മാർക്ക് എതിർപ്പുകൾ നേരിടേണ്ടിവരാറുള്ളതു പോലെ ആ മഹാത്മാവിനും എതിപ്പുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. അഹ്മദിയ്യാജമാഅത്തും എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഒരു ഇൽഹാം ഇപ്രകാരമാണ്.

يَا اَحْمَدُ فَاضَتِ الرَّحْمَةُ عَلٰى شَفَتَيْكَ اِنَّكَ بِاَعْيُنِنَا
يَرْفَعُ اللّٰهُ ذِكْرَكَ وَيُتِمُّ نِعْمَتَهُ عَلَيْكَ فِي الدُّنْيَا وَالْاٰخِرَةِ

ഓ അഹ്മദ്! നിന്റെ ചുണ്ടിൽ കാരുണ്യം ഇറക്കിയിരിക്കുന്നു. നീ എന്റെ കൺമുമ്പിലാണ്. അല്ലാഹു നിന്റെ സ്മരണ ഉണർത്തുന്നതാണ്.ഈ ലോകത്തും പരലോകത്തും എന്റെ അനുഗ്രഹം നിന്നിൽ പൂർത്തികാക്കുന്നതാണ്.

മറ്റൊരു ഇൽഹാം,

حَمَاكَ اللّٰهُ نَصَرَكَ اللّٰهُ رَفَعَ اللّٰهُ حُجَّةَ الْاِسْلَامِ جَمَالٌ
هُوَ الَّذِي اَمْشَاكُمْ فِي كُلِّ حَالٍ لَا تُحَاطُ اَسْرَارُ الْاَوْلِيَاءِ

അല്ലാഹു നിന്നെ സഹായിക്കുന്നതാണ്. അല്ലാഹു നിനക്ക് സഹായം നൽകുന്നതാണ്. ഹുജ്ജത്തുൽ ഇസ്ലാമിനെ അല്ലാഹു ഉയർത്തുന്നതാണ്.ദൈവത്തിന്റെ സൗന്ദര്യമാണ്. അവൻ നിന്നെ എല്ലാ അവസ്ഥയിൽ നിന്നും പരിശുദ്ധമാക്കുകയുണ്ടായി.അല്ലാഹു തന്റെ ഔലിയാക്കളിൽ വെച്ചിട്ടുള്ള നിഗൂഢരഹസ്യങ്ങൾ വലയം ചെയ്യാൻ ആരാലും സാധ്യമല്ല.ചിലർ ചില മാർഗ്ഗത്തിലൂടെ അവനിലേക്ക് വലിച്ചടുപ്പിക്കപ്പെടുമ്പോൾ മറ്റുള്ളവർ മറ്റുമാർഗ്ഗത്തിലൂടെ അവനിലേക്ക് ആകൃഷ്ടരാകുന്നു.

ഇന്ന് അല്ലാഹുവിലേക്ക് എത്താനും അവന്റെ സൗന്ദര്യത്തെ ദർശിക്കാനും തിരുനബി(സ)യുടെ ഈ ദാസനുമായി ബന്ധപ്പെടുമ്പോൾ മാത്രമേ സാധ്യമാകുകയുള്ളൂ. അല്ലാഹുവിന്റെ പേരിൽ കളവു പറഞ്ഞു കൊണ്ട് ആർക്കെങ്കിലും തന്റെ സ്ഥാനം ഉയർത്താൻ സാധിക്കുമോ? അല്ലാഹുവിന്റെ പേരിൽ കള്ളം പ്രചരിപ്പിക്കുന്നവരെ അല്ലാഹു നിന്ദ്യരും നികൃഷ്ടരുമാക്കുകയായിരുന്നില്ലേ വേണ്ടത്?

എന്നാൽ അല്ലാഹുവിന്റെ വചനങ്ങളാണ് അദ്ദേഹം നമ്മെ കേൾപ്പിച്ചിരുന്നത്. അതുകൊണ്ട് ഓരോ ദിവസവും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സ്ഥാനം പുതിയ മണ്ഢലങ്ങളിലേക്ക് പ്രത്യേക മഹത്വത്തോടെ ഉയരുന്നതായി നാം കാണുന്നു. അല്ലാഹു അദ്ദേഹത്തോട് ഇപ്രകാരം വാഗ്ദാനം ചെയ്തിരിക്കുന്നു.

وَوَضَعْنَا عَنْكَ وِزْرَكَ الَّذِي اَنْقَضَ ظَهْرَكَ وَرَفَعْنَا لَكَ ذِكْرَكَ

നിന്റെ നടുവൊടിക്കുന്ന നിന്റെ ഭാരം നാം ഇറക്കിവെച്ചിരിക്കുന്നു. നിന്റെ സ്മരണയെ ഉയർത്തുകയും ചെയ്തിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു; ഇന്ന് ആദരണീയനായ അല്ലാഹുവിൽനിന്ന് ഈ ഇൽഹാം ഇറങ്ങി.

يَا عَبْدَ الرَّافِعِ اِنِّي رَافِعُكَ اِلَيَّ اِنِّي مُعِزُّكَ لَا مَانِعَ لِمَا اُعْطِي

ഉന്നതപദവികൾ നൽകുന്ന ദൈവത്തിന്റെ ദാസാ! ഞാൻ നിനക്ക് എന്റെ പക്കൽ ഉന്നതപദവി നൽകുന്നതാണ്. നിനക്ക് ഞാൻ ആദരവും വിജയവും നൽകുന്നതാണ്. ഞാൻ നൽകുന്നതിനെ തടയാൻ ആരാലും സാധ്യമല്ല.

അതുകൊണ്ട് അല്ലാഹു അദ്ദേഹത്തിന് നൽകിയിരിക്കുന്ന ആദരവും അനുഗ്രഹവും മനുഷ്യശക്തികൾക്ക് തടയാൻ സാധ്യമല്ല.

മറ്റൊരു ഇൽഹാം, اِنِّي مَعَكَ يَا اِمَامُ رَفِيعُ الْقَدْرِ

ഏറ്റവും ഉന്നതസ്ഥാനം അലങ്കരിക്കുന്ന ഇമാമെ ഞാൻ നിന്നോടൊപ്പമാണ്.

ഈ ഇൽഹാമുകളെല്ലാം ഞാൻ വിവരിക്കുവാനുള്ള കാരണം, ഈ ഇൽഹാമുകളെ സാക്ഷ്യപ്പെടുത്തുന്നതിനായി ഭൂമിയിൽനിന്നും ആകാശത്തുനിന്നും അല്ലാഹു തെളിവുകൾ ഇറക്കുകയും ചെയ്തിട്ടുണ്ടെന്ന് കാണിക്കാനാണ്.ലോകത്തിന്റെ ഏതുപ്രദ്ദേശത്ത് ജീവിക്കുന്നവരായാലും ശരി, അദ്ദേഹത്തിന്റെ ജമാത്തിൽ പെട്ടവരുടെ ഹൃദയത്തിൽ അല്ലാഹു ആ മഹാത്മാവിന്റെ ഉന്നതസ്ഥാനത്തെക്കുറിച്ചുള്ള തിരിച്ചറിവ് ഇട്ടിരിക്കുന്നു എന്നതിനു അവർ സാക്ഷ്യം വഹിക്കുന്നവരാണ്. സദ്പ്രകൃതക്കാർക്ക് ഹിദായത്തിനുള്ള മാർഗ്ഗം അല്ലാഹു കാണിക്കുകയും ചെയ്യുന്നു.

ഹ.മസീഹ് മൗഊദ് (അ) ന്റെ സ്ഥാനമാനങ്ങളെ വെളിപ്പെടുത്തുന്നതിന് അല്ലാഹു അസംഖ്യം അടയാളങ്ങൾ വെളിപ്പെടുത്തുകയുണ്ടായി.അതെല്ലാം വിവരിക്കാൻ സാധ്യമല്ല. അഞ്ചാമെ ആഥം എന്ന ഗ്രന്ഥത്തിൽ ഹ:മസീഹ് മൗഊദ് (അ) തന്റെ വാക്കുകളിൽ വിവരിച്ച ചില കാര്യങ്ങൾ മാത്രം ഇപ്പോൾ കേൾപ്പിക്കുന്നതാണ്.ഇത് ആ മഹാത്മാവിന്റെ സ്ഥാനമാനങ്ങളുടെ ഉയർച്ചക്ക് കാരണമായതായി അദ്ദേഹം തന്നെ വിവരിക്കുന്നുണ്ട്.

അഞ്ചാമെ ആഥം എന്ന ഗ്രന്ഥം അബ്ദുള്ള ആഥം മരിച്ചപ്പോഴാണ് എഴുതിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനപ്രകാരം ഒരടയാളമായി മാറിയ വ്യക്തിയാണ് അബ്ദുള്ള ആഥം. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അല്ലാഹു തആല ഇസ്ലാമിന്റെയും തിരുനബി(സ)ന്റെയും സത്യവും മഹത്വവും ലോകത്ത് പ്രകടമാക്കുകയുണ്ടായി. അബ്ദുള്ള ആഥം ഒരു പാതിരിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള ശത്രുത കാരണം അയാളുടെ മരണത്തെ അന്നുള്ള ചില പണ്ഢിതരും നേതാക്കളും ഒരടയാളമായി കണക്കാക്കിയില്ല. ഈ അവസരത്തിൽ ഹ.മസീഹ് മൗഊദ് (അ) അവരെ എല്ലാവരെയും മുബാഹലക്ക് ക്ഷണിച്ചു. അറബി ഭാഷയിൽ ഒരു ഗ്രന്ഥം തന്നെ എഴുതുകയും ചെയ്തു. അതിൽ അല്ലാഹുവിൽനിന്ന് തനിക്ക് ലഭിക്കുന്ന സഹായങ്ങളെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആ പുസ്തകത്തിന്റെ അവസാനം ഉർദുഭാഷയിൽ ഒരു അനുബന്ധവും എഴുതിച്ചേർത്തിട്ടുണ്ട്. മൗലവി സനാഉല്ലാഹ് അമൃതസരിയുടെ അടിസ്ഥാനരഹിതമായ ഒരാക്ഷേപം മൗലവി അബ്ദുൽ ഹക് ഗസ്നവി എടുത്ത് ആക്ഷേപിക്കുകയുണ്ടായി. ഇതിന് ആ ഗ്രന്ഥത്തിന്റെ അടിക്കുറിപ്പിൽ മറുപടി എഴുതുമ്പോൾ അല്ലാഹു വാഗ്ദത്ത മസീഹിന് നൽകിയ സഹായങ്ങളും ഉന്നത സ്ഥാനങ്ങളെക്കുറിച്ചും വിവരിക്കുന്നുണ്ട്. പറയുന്നു;

اَلْعَاقِبَةُ لِلْمُتَّقِيْنَ

(ശുഭപര്യവസാനം ഭക്ത ദാസർക്കാണ്) എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ആദരവിന് കാരണമായിത്തീർന്ന വസ്തുക്കൾ ഞാൻ ചുവടെ വിവരിക്കുന്നു.

ഒന്ന്; ആഥമിനെ കുറിച്ചുള്ള പ്രവചനം ശരിയായ അർത്ഥത്തിൽ തന്നെ അത് പൂർത്തിയാക്കുകയുണ്ടായി. 15 വർഷം മുമ്പ് ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിന്റെ 24-ാം പേജിൽ പറയപ്പെട്ട ആ പ്രവചനവും അന്ന് പുലരുകയുണ്ടായി. അല്ലാഹുവിന്റെ ഇൽഹാം അനുസരിച്ച് തന്നെ ആഥം മരിച്ചു. എല്ലാ എതിരാളികളും നിന്ദ്യരായി മാറുകയും ചെയ്തു. അവരുടെ കപടസന്തോഷങ്ങളെല്ലാം തകരുകയും ചെയ്തു. ഈ പ്രവചനത്തിൽ പറയപ്പെട്ട സംഭവങ്ങൾ പുലർന്നതറിഞ്ഞുകൊണ്ട് ശതക്കണക്കിന് പേരുടെ നിഷേ

ധം ഇല്ലാതെയായി. പ്രവചനം സത്യമായി പുലർന്നു എന്നും പറഞ്ഞു കൊണ്ടുള്ള ആയിരക്കണക്കിന് കത്തുകൾ എനിക്ക് ലഭിക്കുകയു ണ്ടായി. എതിരാളികൾക്കും കുപ്രചാരകർക്കും ഒരക്ഷരം മിണ്ടാൻ കഴിയാത്ത തരത്തിലുള്ള ശാപമാണ് വർഷിക്കപ്പെട്ടത്.

രണ്ട്: മുബാഹലക്ക് ശേഷം എന്റെ ആദരവിന് കാരണമായി ത്തീർന്നത് എതിരാളികളായ മൗലവിമാർക്കും പാതിരിമാർക്കും ഞാൻ എഴുതിയ അറബിഭാഷയിലുള്ള ഗ്രന്ഥങ്ങളുടെ സമാഹാരമാ ണ്. അതിൽ നിന്നുള്ള ഒന്നാണ് അറബിയിലുള്ള ഈ ഗ്രന്ഥവും (അ ഞ്ചാമെ ആഥം) . അബ്ദുൽ ഹഖും കൂട്ടരും ഈ ഗ്രന്ഥങ്ങൾക്ക് മറു പടി എഴുതാൻ കഴിയാതെ തളർന്നത് പോലെ. ഒരക്ഷരം പോലും ഇതിനു പകരമായി അവരെഴുതിയിട്ടില്ല. അങ്ങിനെ അറബിഭാഷ യെ കുറിച്ചുള്ള ജ്ഞാനം ഇവർ കാഫിറാണെന്ന് പറഞ്ഞ ഈ ഗ്രന്ഥ രചയിതാവിനാണുള്ളതെന്നും ഈ മൗലവിമാർ എല്ലാം ജാഹിലീങ്ങ ളാണെന്നും ലോകം വിധിയെഴുതി. ഈ സമയത്ത് തന്നെ മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ എന്നെ കുറിച്ചുള്ള ആക്ഷേപം; അതാ യത് എനിക്ക് അറബിയുടെ ഒരു വാക്ക് പോലും അറിയില്ല എന്നത് അല്ലാഹു എടുത്തുകളയുകയും ചെയ്തു. മാത്രമല്ല മുഹമ്മദ് ഹു സൈന്റെയും മറ്റെതിരാളികളുടെയും അജ്ഞത വെളിപ്പെടുകയും ചെയ്തു. فَالْحَمْدُ لِلّٰهِ عَلٰى ذٰلِكَ

മൂന്ന്:മുബാഹലക്ക് ശേഷം എന്റെ ആദരവിന് കാരണമായി ത്തീർന്നത് മുബാഹലക്ക് ശേഷം ലോകർക്കിടയിൽ എനിക്ക് ലഭിച്ച് സ്വീകാര്യതയാണ്. മുബാഹലക്ക് മുമ്പ് എന്റെ കൂടെ ആകെ മുന്നൂ റോ നാന്നൂറോ പേർ ഉണ്ടായിരിക്കാം. എന്നാൽ തങ്ങളുടെ ജീവൻ പോലും ഈ മാർഗ്ഗത്തിൽ ബലികൊടുക്കാൻ തയ്യാറായ എണ്ണായിര ത്തിൽ കൂടുതൽ ആളുകൾ ഇപ്പോഴുണ്ട്. (1894 - ലെ കാര്യമാണിത്). നല്ല കൃഷിയിടത്തിലെ വിളവ് പെട്ടെന്ന് വളരുകയും വ്യാപിക്കുക യും ചെയ്യുന്നു. അതേപോലെ അസാധാരണമായ രീതിയിൽ ഈ ജമാഅത്തിന് അഭിവൃദ്ധി ലഭിച്ചുകൊണ്ടിരിക്കുകയാണ്. നന്മയുള്ള ആത്മാക്കൾ ഇതിലേക്ക് ഓടിയടുത്തു കൊണ്ടിരിക്കുന്നു. അല്ലാഹു ഭൂമിയെ നമ്മിലേക്ക് വലിച്ചടുപ്പിച്ചുകൊണ്ടിരിക്കുകയാണ്. മുബാഹ ലക്ക് ശേഷം ലഭിച്ച ഈ പ്രത്യേകതരത്തിലുള്ള സ്വീകാര്യത കാണു മ്പോൾ ഹൃദയത്തിൽ ഒരാത്മീയ കുളിർമ്മ അനുഭവപ്പെടുകയാണ്. ഒന്ന് രണ്ട് ഇഷ്ടിക കൊണ്ട് ഇപ്പോഴിതാ ഒരു കൊട്ടാരംതന്നെ തയ്യാ റായിരിക്കുന്നു. ഒന്നുരണ്ട് തുള്ളികൾ കൊണ്ട് ഒരു നദിയായി മാറി യതുപോലെ കണ്ണുതുറന്നുകൊണ്ട് പഞ്ചാബിലും ഇന്ത്യയിലെ എല്ലാ യിടത്തും ഒന്നു കറങ്ങിനോക്കൂ. പലസ്ഥലത്തും നമ്മുടെ ജമാഅ ത്തിനെ കാണാൻ സാധിക്കുന്നതാണ്. മലക്കുകളാണ് പ്രവർത്തിക്കു ന്നത്. അവർ ഹൃദയങ്ങളിൽ പ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കുക യാണ്. നോക്കൂ, മുബാഹലക്ക് ശേഷം എന്തുമാത്രം ആദരവാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയോ അ തോ മനുഷ്യന്റെ പ്രവർത്തിയോ? നിങ്ങൾ സത്യം പറഞ്ഞാലും.

നാല്: മുബാഹലക്ക് ശേഷം എനിക്ക് ആദരവ് ലഭിച്ച നാലാമത്തെ കാര്യം റമളാനിൽ പ്രത്യക്ഷപ്പെട്ട സൂര്യചന്ദ്രഗ്രഹണങ്ങളാണ്. മഹ്ദി യുടെ സത്യസാക്ഷ്യത്തിനായി റമളാനിൽ സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടാ കുമെന്ന് ഹദീസുകളിൽ നൂറ്റാണ്ടുകളായി രേഖപ്പെടുത്തപ്പെട്ടിരി ക്കുന്നു. റമദാൻ മാസത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ പ്രത്യക്ഷപ്പെ ട്ടുകൊണ്ട് ആദരിക്കപ്പെട്ട ഒരു മഹ്ദിവാദി മുമ്പുണ്ടായിട്ടുണ്ടെന്ന് ആരും തന്നെ രേഖപ്പെടുത്തിയിട്ടുമില്ല. മുബാഹലക്ക് ശേഷം ഈ ഒരു ആദരവും അല്ലാഹു എനിക്ക് നൽകുകയുണ്ടായി. അതു കൊണ്ട് അന്ധരെ! ഒന്നുചിന്തിക്കൂ! മുബാഹലക്ക് ശേഷം ആർക്കാ ണ് ആദരവ് ലഭിച്ചത്? അബ്ദുൽ ഹഖ് എന്റെ നിന്ദ്യതക്ക് പ്രാർത്ഥി ക്കുകയായിരുന്നില്ലേ? എന്നാലിവിടെ സംഭവിച്ചത് എന്താണ്? എ ന്നെ ആദരിക്കാനായി ആകാശംപോലും തലതാഴ്ത്തുകയാണ്. നിങ്ങ ളിൽ ചിന്തിക്കുന്നവരായി ആരുംതന്നെയില്ലേ! ഇത് മനസ്സിലാക്കാ നായി കഴിവുള്ള ഒരു ഹൃദയം പോലും നിങ്ങളിലില്ലേ? ആകാശം ആദരവ് നൽകുകയുണ്ടായി. അങ്ങിനെ സ്വീകാര്യത നാടൊട്ടുക്കും പരക്കുകയും ചെയ്തു.

അഞ്ച്: മുബാഹലക്ക് ശേഷം എന്റെ ആദരവിന് കാരണമായി ത്തീർന്ന അഞ്ചാമത്തെ കാര്യം ഖുർആനികജ്ഞാനത്തെക്കുറി ച്ചുള്ള സാക്ഷിമുദ്രയാണ്. എനിക്ക് ഈ വിജ്ഞാനം ലഭിച്ചതിനുശേ ഷം അബ്ദുൾ ഹഖും ബട്ടാലവിയും പോലുള്ള എന്റെ എല്ലാ എതി രാളി സമൂഹത്തോടും ഞാൻ വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു; എനിക്ക് ഖുർആന്റെ ഉൽസാരവ്യാഖ്യാനവും അതിലെ അഭൗമിക ജ്ഞാനവും നൽകപ്പെട്ടിരിക്കുന്നു; നിങ്ങളിൽ ഒരാൾക്കുപോലും എനിക്കെതിരിൽ വിശുദ്ധഖുർആന്റെ ഉൽസാരവ്യാഖ്യാനവും അതി ലെ അഭൗമികജ്ഞാനവും എഴുതാനുള്ള ചങ്കൂറ്റവും ഉണ്ടായിരിക്കില്ല. ഈ ഒരു പ്രഖ്യാപനത്തിനുശേഷം എന്നെ നേരിടാൻ ആരും രംഗത്തു വന്നി ല്ല. അജ്ഞത എന്നതാണ് എല്ലാ നിന്ദ്യതയുടെയും അടിവേര്. ഈ അജ്ഞതയിൽ തങ്ങളും ഭാഗവാക്കുകളാണെന്ന് അവർ സാക്ഷ്യപ്പെടു ത്തി. ഇതെല്ലാം മുബാഹലക്ക് ശേഷമാണ് ഉണ്ടായത്. **കറാമാത്തുസ്വാദി ഖീൻ** എന്ന ഗ്രന്ഥവും ഈ കാലയളവിൽതന്നെയാണ് രചിക്കപ്പെട്ട ത്. ഈ ഗ്രന്ഥത്തിന് പകരമായി ഒരക്ഷരംപോലും ആർക്കും എഴു താൻ കഴിഞ്ഞില്ല. എന്നിട്ടും ഇതേവരെ അബ്ദുൽ ഹഖും കൂട്ടരും നിന്ദ്യരായിട്ടില്ലേ? മുബാഹലക്ക് ശേഷം ഈ എല്ലാ ആദരവും അല്ലാഹു എനിക്കാണ് നൽകിയത് എന്ന് ഇനിയും തെളിഞ്ഞിട്ടില്ലേ?

ആറ്: മുബാഹലക്ക് ശേഷം എന്റെ ആദരവിനും അബ്ദുൾഹ ഖിന്റെ നിന്ദ്യതക്കും കാരണമായ ആറാമത്തെ കാര്യം അബ്ദുൾഹഖ് തനിക്ക് ഒരാൺകുട്ടി ജനിക്കുമെന്ന് മുബാഹലക്ക് ശേഷം വിജ്ഞാ പനം പുറപ്പെടുവിച്ചിരുന്നു. അല്ലാഹുവിൽനിന്ന് ഇൽഹാം ലഭിച്ച തിന്റെ അടിസ്ഥാനത്തിൽ അൻവാറുൽ ഇസ്ലാം എന്ന ഗ്രന്ഥത്തിൽ എനിക്ക് ഒരാൺകുട്ടി ജനിക്കുമെന്ന് ഞാനും വിജ്ഞാപനം പുറ പ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് അല്ലാഹുവിന്റെ കൃപയും കാരു ണ്യവും നിമിത്തം എന്റെ വീട്ടിൽ ഒരാൺകുട്ടി ജനിക്കുകയുണ്ടാ യി. അവന്റെ പേര് ശരീഫ് അഹ്മദ് എന്നാണ്. ഒന്നേമുക്കാൽ വയ സ്സാണിപ്പോൾ ആ കുട്ടിക്കുള്ളത്. എന്നാൽ അബ്ദുൽ ഹഖിനോട് ചോദിക്കാനുള്ളത് മുബാഹലയുടെ അനുഗ്രഹംകൊണ്ട് അദ്ദേഹ ത്തിന് ഉണ്ടാകുമെന്ന് പറഞ്ഞ ആ കുട്ടി എവിടെ?

ഏഴ്: മുബാഹലക്ക് ശേഷം എന്റെ ആദരവിനും സ്വീകാര്യത യ്ക്കും കാരണമായ ഏഴാമത്തെ കാര്യം എനിക്ക് വേണ്ടി സേവനം ചെയ്യാനുള്ള അല്ലാഹുവിന്റെ സ്വാത്തികരായ ദാസരുടെ ആത്മാർ ത്ഥമായ ആവേശമാണ്. മുബാഹലക്ക് ശേഷം എനിക്ക് ലഭിച്ച ഭൗതി കവും ആത്മീയവുമായ അനുഗ്രഹങ്ങൾക്ക് അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കാൻ എനിക്ക് ഒരിക്കലും കഴിവുണ്ടാവുകയില്ല.

ആത്മീയാനുഗ്രഹങ്ങളുടെ മാതൃക ഞാൻ പരാമർശിച്ചിട്ടുള്ളതാ ണ്. അതായത് അല്ലാഹുതആല എനിക്ക് ഖുർആന്റെ ജ്ഞാനവും ഭാഷാജ്ഞാനവും ഒരു മുഅ്ജിസത്ത് എന്ന നിലക്ക് നൽകിയിരി ക്കുകയാണ്. അതിനെ നേരിടുന്നതിൽ അബ്ദുൽ ഹഖിനും എല്ലാ എതിരാളികൾക്കും അപമാനവും നിന്ദ്യതയും സഹിക്കേണ്ടിവന്നു. ഇവർ വെറും പേരിന് മൗലവിമാരാണെന്ന കാര്യം വലിയവർക്കും സാധാരണക്കാർക്കും എല്ലാം മനസ്സിലായി.

ഭൗതികഅനുഗ്രഹങ്ങൾ എന്ന് ഞാൻ പറഞ്ഞത് മുബാഹലക്ക് ശേഷം ഈ പാവത്തിന് വേണ്ടി അല്ലാഹു തുറന്നുതന്ന സമ്പത്തിന്റെ കവാടങ്ങളാണ്. മുബാഹല ദിവസം മുതൽ ഇന്നേവരെ 15000ത്തിൽ പരം രൂപയാണ് അദൃശ്യകരങ്ങളാൽ അല്ലാഹു എനിക്ക് നൽകിയിരിക്കുന്നത്. ഇതെല്ലാം ഈ പ്രസ്ഥാനത്തിന്റെ ഉന്നമനത്തിന്നായി വിനിയോഗിച്ചിട്ടുള്ളതാണ്. ഇതേപോലെ തങ്ങളുടെ സമ്പത്ത് ഈ മാർഗ്ഗത്തിൽ ചിലവഴിക്കുന്നത് തങ്ങൾക്ക് മഹാഭാഗ്യമായി കരുതുന്ന ആത്മാർഥരും ജീവസമർപ്പണം ചെയ്യുന്നവരുമായ വ്യക്തികളെ അല്ലാഹു എന്റെ സേവകരിൽ ഉൾപ്പെടുത്തിയിരിക്കുന്നു. (അതിനുശേഷം ജമാഅത്തിലെ ചില വ്യക്തികളുടെ പേര് പരാമർശിച്ചു കൊണ്ട് ഹുസൂർ വിവരിക്കുന്നുണ്ട്.)

എട്ട്: മുബാഹലക്ക്ശേഷം എന്റെ ആദരവ് വർദ്ധിക്കുവാനുണ്ടായ എട്ടാമത്തെ കാര്യം **സത്ബചൻ** എന്ന ഗ്രന്ഥം എഴുതുവാനുള്ള ഭാഗ്യം കിട്ടി എന്നതാണ്. ഈ ഗ്രന്ഥം എഴുതുന്നതിന് മുന്നൂറ് വർഷം വരെ ആരുടെ ചിന്തയിലും ഉദിക്കാത്ത ആശയങ്ങൾ അല്ലാഹു എനിക്ക് ഇട്ടു തരികയായിരുന്നു. ഗുരുബാബാനാനാക്ക് മുസ്‌ലിമായിരുന്നു എന്നും അദ്ദേഹം മന്ത്രിച്ചിരുന്ന വചനം لَا إِلٰهَ إِلَّا اللهُ مُحَمَّدٌ رَسُوْلُ اللهِ എന്നതായിരുന്നു എന്നും അദ്ദേഹം സ്വാലിഹായിരുന്നു എന്നും രണ്ട് പ്രാവശ്യം അദ്ദേഹം ഹജ്ജ് ചെയ്തിട്ടുണ്ടായിരുന്നു എന്നും ആ ഗ്രന്ഥത്തിൽ ഞാൻ തെളിയിച്ചിട്ടുണ്ട്.

ഗുരുബാബാ നാനക്കിന്റെ ഈ ചോല (നീണ്ട കുപ്പായം ) കുറേ കാലം ഒളിവിലായിരുന്നു. ഇപ്പോൾ അതൊരു സിക്ക് കുടുംബത്തിന്റെ കൈവശം സുരക്ഷിതമായുണ്ട്. ഈ ജൽസയിൽ നമ്മുടെ അതിഥിയായി വന്ന ബേധി സാഹിബ് അദ്ദേഹത്തിന്റെ കുടുംബത്തിന്റെ കൈവശം ഇതുണ്ടെന്ന് പറഞ്ഞിരുന്നു.)

ഒൻപത്: മുബാഹലക്ക് ശേഷം എന്റെ ആദരവ് അധികരിക്കുവാനുണ്ടായ ഒമ്പതാമത്തെകാര്യം ഈ കാലയളവിൽ 8000 ത്തോളം പേർ എന്റെ കയ്യിൽ ബൈഅത്തുചെയ്തു എന്നതാണ്. ചിലർ ഖാദിയാനിൽ വന്നും, ചിലർ കത്തു മുഖേനയും തൗബ ചെയ്യുന്നതായി അറിയിച്ചു. ഇതിൽനിന്നും ഞാനൊരു കാര്യം ഉറച്ച് വിശ്വസിക്കുന്നത്, ഇത്രയധികം ആളുകൾക്ക് തൗബ ചെയ്യാൻ എന്നെ കാരണമാക്കിയത് അല്ലാഹുവിന്റെ പ്രീതി കരസ്ഥമായതിനുശേഷം ലഭിക്കുന്ന സ്വീകാര്യതയുടെ അടയാളമായതുകൊണ്ടാണ് എന്നാണ്. എന്റെ ബൈഅത്തിൽ വന്നവരിൽ ദൈനംദിനം നന്മയിലും തഖ്‌വയിലും അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ഞാൻ കാണുന്നു. (അഹ്മദികൾ നന്മയിലും തഖ്‌വയിലും അഭിവൃദ്ധി കൈവരിക്കാൻ പരിശ്രമിക്കേണ്ടതാണ്. എണ്ണം വർദ്ധിച്ചതു കൊണ്ട് മാത്രം കാര്യമായില്ല. അതുകൊണ്ട് അഹ്മദികൾ അവരുടെ ആത്മിയാഭിവൃദ്ധിക്കായി എപ്പോഴും പരിശ്രമിക്കേണ്ടതാണ്.) അരുളുന്നു; അവരിൽ അധികം പേരും സുജൂദിൽ കിടന്ന് കരയുന്നതായും തഹജ്ജൂദിൽ ഉള്ളുരുകി പ്രാർത്ഥിക്കുന്നതായും ഞാൻ കാണുന്നു. അവിശുദ്ധഹൃദയമുള്ളവർ ഇവരെ കാഫിറെന്ന് പറയുന്നു. എന്നാൽ ഇവരോ ഇസ്‌ലാമിന്റെ കരളും ഹൃദയവുമാണുതാനും.

തുടർന്ന് അരുളുന്നു; നമ്മുടെ എതിരാളികൾ ചിന്തിക്കേണ്ട ഒരു കാര്യം ഈ തോട്ടത്തിന് (പ്രസ്ഥാനത്തിന്) അബ്ദുൽ ഹഖിന്റെ മുബാഹലക്ക് ശേഷം എന്തുമാത്രം വിജയവും പച്ചളിപ്പുമാണ് ഉണ്ടായത് എന്നാണ്. ഇതെല്ലാം അല്ലാഹുവിന്റെ ഖുദ്റത്താണ് ചെയ്തിരിക്കുന്നത്. കണ്ണുള്ളവർ കാണട്ടെ. അമൃതസരിലുള്ള നമ്മുടെ ആത്മാർത്ഥജമാഅത്തും, ലാഹോറിലുള്ള നമ്മുടെ ആത്മാർത്ഥജമാഅത്തും സിയാൽക്കോട്ടിലുള്ള നമ്മുടെ ആത്മാർത്ഥജമാഅത്തും കപൂർത്തലയിലുള്ള നമ്മുടെ ആത്മാർത്ഥജമാഅത്തും ഇന്ത്യയിലെ വിവിധപ്രദേശങ്ങളിലുള്ള നമ്മുടെ ആത്മാർത്ഥരായ ജമാഅത്തുകളും തങ്ങളുടെ അന്തഃരംഗങ്ങളിൽ ഇഖ്‌ലാസിന്റെയും സ്നേഹത്തിന്റെയും പ്രകാശദീപം സൂക്ഷിക്കുന്നവരാണ്. ഉൾക്കാഴ്ചയുള്ള ഒരു വ്യക്തി ജനക്കൂട്ടത്തിൽനിന്ന് ഇവരുടെ മുഖം ദർശിക്കുകയാണെങ്കിൽ ഇത്രമാത്രം ആത്മാർത്ഥത ഇവരുടെ ഹൃദയങ്ങളിൽ നിറച്ചിരിക്കുന്നത് അല്ലാഹുവിന്റെ മുഅ്ജിസയാണെന്ന് അംഗീകരിക്കുന്നതാണ്. അവരുടെ മുഖങ്ങളിൽ അവരുടെ സ്നേ ഹത്തിന്റെ പ്രകാശം പ്രസരിക്കുന്നതായിക്കാണാം.സത്യത്തിന്റെ മാതൃക നിലനാട്ടിക്കാണിക്കാൻ തയ്യാറാക്കിയ ഒന്നാമത്തെ ജമാഅത്താണിവർ.

(ഇവിടെ ഞാൻ ഈ പറഞ്ഞ പ്രദേശത്തെ ആളുകളുമായി ബന്ധപ്പെട്ടവരോടും ഇന്ത്യക്കാരോടും പറയാൻ ആഗ്രഹിക്കുന്നത് നിങ്ങൾ നിങ്ങളുടെ പൂർവ്വികരുടെ ത്യാഗങ്ങളെയും ആത്മാർത്ഥതേയും എപ്പോഴും ഓർമ്മിക്കുക എന്നതാണ്. ഇതിൽ അഭിവൃദ്ധി പ്രാപിക്കാൻ ശ്രമിക്കുക. ഇതാണ് ജമാഅത്തിന് വിജയത്തിനുള്ള ഹേതുവായിത്തീരുക. ഇതുതന്നെയാണ് നമ്മേ ഹദ്റത്ത് മസീഹ് മൗഊദ് (അ) മായി ബന്ധപ്പെടുത്തിക്കൊണ്ട് അല്ലാഹു ആ മഹാത്മാവിനോട് ചെയ്ത വാഗ്ദാനങ്ങൾക്ക് അർഹരായി നമ്മെ മാറ്റുക. ഇന്ന് ഈ ആത്മാർത്ഥത ഇന്ത്യയിൽനിന്നും പുറത്ത്കടന്ന് യൂറോപ്പിലും ഏഷ്യയിലും ആഫ്രിക്കയിലും എല്ലാം ഈ ആവേശം കാണാൻ സാധിക്കുന്നു. അതുകൊണ്ട് ഓരോ ജമാഅത്തും തങ്ങളുടെ ആത്മീയനില മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. )

പത്ത്: അബ്ദുൽ ഹഖിന്റെ മുബാഹലക്ക് ശേഷം എനിക്ക് ആദരവ് നേടിത്തന്ന പത്താമത്തെ കാര്യം ലാഹോറിൽ വെച്ച് നടന്ന സർവ്വമതസമ്മേളനമാണ്. ഈ സമ്മേളനത്തെക്കുറിച്ച് എനിക്ക് കൂടുതൽ എഴുതേണ്ട ആവശ്യമില്ല. എന്റെ ഉപന്യാസം വായിച്ചപ്പോഴുണ്ടായ ദീപ്തവും പ്രകാശപൂരിതവുമായ സ്വീകാര്യതയെക്കുറിച്ചും, ജനങ്ങൾ ഏതൊരു ആത്മോത്കൃഷ്ടത്തോടെ എന്നെയും എന്റെ ഉപന്യാസത്തേയും മഹത്വത്തോടെ നോക്കിക്കണ്ടത് എന്നതിനെ ക്കുറിച്ചും വിശദീകരി ക്കേണ്ട ആവശ്യം തന്നെ വരുന്നില്ല. ഈ ഉപന്യാസം സർവ്വമതസമ്മേളനത്തിൽ അസാധാരണമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നും ആകാശത്ത്നിന്ന് പ്രകാശധോരണിയുമായി മലക്കുകൾ ഇറങ്ങുകയുണ്ടായെന്നും അദൃശ്യകരം നിർബന്ധിച്ചുകൊണ്ട് ഓരോരുത്തരുടേയും ഹൃദയത്തെ ആത്മീയവിസ്മൃതിയിലേക്ക് വലിച്ചുകൊണ്ടുപോകുകയായിരുന്നുവെന്നും എന്നതിന് എത്രയോ തെളിവുകൾ നിങ്ങൾ കേട്ടു കഴിഞ്ഞതാണ്. ഈ ഉപന്യാസം ഇല്ലായിരുന്നുവെങ്കിൽ മുഹമ്മദ് ഹുസൈൻ പോലുള്ളവർ കാരണം ഇസ്‌ലാമിന് അന്ന് നിന്ദ്യത ദർശിക്കേണ്ടിവരുമായിരുന്നേനെ. ഇന്ന് ഇസ്‌ലാം വിജയിച്ചു എന്നാണ് എല്ലാവരും വിളിച്ചുപറഞ്ഞത്. എന്നാൽ നിങ്ങൾ ചിന്തിക്കേണ്ടത്, ഒരു ദജ്ജാലിന്റെ ഉപന്യാസം മുഖേനയാണോ ഈ വിജയം സിദ്ധിച്ചത് എന്നാണ്?. ഞാൻ വീണ്ടും ചോദിക്കുകയാണ്, ഒരു കാഫിറിന്റെ വിവരണത്തിൽ ഈ രീതിയിലുള്ള മാധുര്യവും അനുഗ്രഹങ്ങളും അല്ലാഹു ഇട്ടുതരുമോ? മുസ്‌ലിമാണെന്ന് വാദിക്കുകയും എണ്ണായിരത്തോളം മുസ്ലീംകളെ കാഫിറായി മുദ്രകുത്തുകയും ചെയ്ത മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ എന്തുകൊണ്ട് ഈ സമ്മേളനത്തിൽ അല്ലാഹു നിന്ദ്യനാക്കിക്കളഞ്ഞു? *നിന്നെ നിന്ദിക്കുന്നവരെ ഞാൻ നിന്ദിക്കുന്നതാണ്* എന്ന ഇൽഹാമിന്റെ പ്രത്യക്ഷപുലർച്ചയല്ലെ ഇത്? മൗലവിമാരുടെ മുമ്പിൽ കാഫിറും മുർത്തദ്ദുമായ ഒരാൾക്ക് ഈ സർവ്വമതമഹാസമ്മേള

നത്തിൽ എന്തുകൊണ്ട് ഇത്രമാത്രം ആദരവ് നൽകപ്പെട്ടു? ഏതെ ങ്കിലും മൗലവിമാരുണ്ടോ ഇതിന് മറുപടി നൽകാൻ?

ഉപന്യാസത്തിന്റെ ഉൽകൃഷ്ടത കാരണം ലഭിച്ച ആദരവോടൊപ്പം ഈ ഉപന്യാസത്തെകുറിച്ച് നേരത്തെ പ്രസിദ്ധം ചെയ്ത പ്രവചനവും പുലരുകയുണ്ടായി. ആ പ്രവചനം ഇപ്രകാരമായിരുന്നു, *ഈ ഉപ ന്യാസം മറ്റെല്ലാ ഉപന്യാസത്തേക്കാളും മികച്ചുനിൽക്കുന്നതാണ്.* സമ്മേളനം തുടങ്ങുന്നതിനുമുമ്പേതന്നെ ഈ പ്രവചനമടങ്ങിയ വിജ്ഞാപനം എല്ലാ എതിരാളികൾക്കും അയച്ചുകൊടുക്കുകയും ചെയ്തിരുന്നതാണ്.

മൗലവി അബ്ദുൽ കരീം സാഹിബാണ് ഈ ഉപന്യാസം വായിച്ച് കേൾപ്പിച്ചിരുന്നത്. പറയുന്നു; ഈ ആദരവുകളും ഈ സ്വീകാര്യത യുമെല്ലാം നമുക്ക് ലഭിച്ചത് മുബാഹലക്ക് ശേഷമാണ്. അബ്ദുൽ ഹഖിന് മുബാഹലക്ക് ശേഷം ഏതുതരം ആദരവാണ് ലഭിച്ചത് എന്ന് ഏതെങ്കിലും ഒരു മൗലവി നമുക്ക് മനസ്സിലാക്കിത്തന്നാലും. അയാ ൾക്ക് ജനങ്ങൾക്കിടയിൽ ഏതുതരം സ്വീകരണമാണ് ലഭിച്ചത്? സാമ്പത്തികമായ വിജയത്തിന്റെ ഏത് കവാടമാണ് അയാൾക്കായി തുറക്കപ്പെട്ടത്? ഏതുതരം അറിവിന്റെ മഹത്വമാണ് അയാൾക്ക് ലഭി ച്ചിരിക്കുന്നത്?

മുബാഹലയുടെ പത്ത് ബർക്കത്തുകളാണ് ഞാൻ എഴുതിയി ട്ടുള്ളത്. എന്നിട്ടും ഈ മുബഹല പ്രതികരണമൊന്നും ഉണ്ടാക്കാ ത്തതാണെന്ന് പറയുന്നവർ എന്തുമാത്രം ദുഷ്പ്രകൃതക്കാരാണ്.

فَعَلَيْهِمْ اَنْ يَتَدَبَّرُوا وَيَتَفَكَّرُوا فِي هٰذِهِ الْعَشَرَةِ الْكَامِلَةِ

അല്ലാഹു തനിക്ക് നൽകിയിരിക്കുന്ന ഉന്നത സ്ഥാനത്തേയും ആദരവിനേയും ശത്രുക്കളുടെ നിന്ദ്യതയേയും കുറിച്ച് ഹ: മസീഹ് മൗഊദ് (അ) ഇപ്രകാരം അരുളുന്നു; وَاَمَّا بِنِعْمَةِ رَبِّكَ فَحَدِّثْ എന്ന ആയത്തനുസരിച്ച് എന്നെക്കുറിച്ച് ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. അല്ലാഹു എനിക്ക് എന്റെ പ്രയത്നമില്ലാതെ എ ന്റെ പ്രകൃതത്തിൽ എത്രയോ അനുഗ്രഹങ്ങൾ നൽകിയിരിക്കുന്നു. എന്നെ സാക്ഷ്യപ്പെടുത്താനായി അവൻ നൽകിയിരിക്കുന്ന അടയാ ളങ്ങളെ ഓരോന്നോരോന്നായി ഞാൻ വിവരിക്കുകയാണെങ്കിൽ അ ല്ലാഹുവിന്റെ പേരിൽ ഞാൻ സത്യം ചെയ്തുകൊണ്ട് പറയുകയാ ണ്, അത് മൂന്ന് ലക്ഷത്തിൽ കൂടുതലുണ്ടാകും. (1906-ൽ പറഞ്ഞ താണിത്). ഇനി ആരെങ്കിലും എന്റെ ഈ സത്യം ചെയ്യലിനെ അംഗീ കരിക്കുന്നില്ലെങ്കിൽ അവർക്ക് വ്യക്തമായ തെളിവുകൾ സമർപ്പി ക്കാൻ ഞാൻ തയ്യാറാണ്. അതിൽ ചില അടയാളങ്ങൾ അല്ലാഹു ത ന്റെ വാഗ്ദാനപ്രകാരം ശത്രുക്കളിൽ നിന്നും എന്നെ സംരക്ഷിച്ചതാ ണ്. എല്ലാ അവസരങ്ങളിലും തന്റെ വാഗ്ദാനപ്രകാരം എന്റെ ആവ ശ്യങ്ങൾ അല്ലാഹു പൂർത്തിയാക്കിത്തന്നതാണ് ചില അടയാളങ്ങൾ. മറ്റു ചില അടയാളങ്ങൾ اِنِّيْ مُهِيْنٌ مَنْ اَرَادَ اِهَانَتَكَ എന്ന തന്റെ വാഗ്ദാനപ്രകാരം എന്നെ ആക്രമിക്കാൻ വന്നവരെ അല്ലാഹു നിന്ദ്യ രും നികൃഷ്ടരുമാക്കിമാറ്റുകയുണ്ടായി- ഈ അടയാളങ്ങൾ ഇന്നും നാം പുലരുന്നതായി കണ്ടുകൊണ്ടിരിക്കുന്നു- ചില അടയാളങ്ങൾ എനിക്കെതിരിൽ കേസ്സ് കൊടുത്തവരെ കുറിച്ചുള്ളതാണ്. ആ കേസ്സുകളിൽ ഞാൻ വിജയിക്കുന്നതാണെന്ന് അല്ലാഹു നേരത്തെ അറിയിച്ചതനുസരിച്ച് എനിക്ക് വിജയം ലഭിക്കുകയുണ്ടായി. ചില അടയാളങ്ങൾ എന്റെ നിയോഗകാലമുവുമായി ബന്ധപ്പെട്ടതാണ്. കാരണം ലോകം ഉണ്ടായതുമുതൽ ഇത്രയധികം ദീർഘായുസ്സ് ഒരു കള്ളവാദിക്കും തന്നെ ലഭിച്ചിട്ടില്ല. ചില അടയാളങ്ങൾ കാലഘട്ടം സാക്ഷ്യം വഹിക്കുന്നതാണ്. അതായത് ഈ കാലം ഒരു ഇമാമിന്റെ ആവശ്യകതയെ വിളിച്ചുപറയുന്നു. ചില അടയാളങ്ങൾ എന്റെ സു ഹൃത്തുക്കൾക്കുവേണ്ടി ഞാൻ ചെയ്ത ദുആകൾ സ്വീകരിച്ചതുമായി ബന്ധപ്പെട്ടതാണ്. ചില അടയാളങ്ങൾ അതിനീചരായ ശത്രുക്കൾക്ക് ശാപപ്രാർത്ഥന നടത്തിയപ്പോൾ പ്രകടമായതാണ്. ചില അടയാള ങ്ങൾ എന്റെ ദുആ മുഖേന മാരകമായ പല രോഗികൾക്കും ശിഫാ കൈവരിച്ചതുമായി ബന്ധപ്പെട്ടതാണ്. മാത്രമല്ല അവർ സുഖം പ്രാ പിക്കുമെന്ന് നേരത്തേ തന്നെ എന്നെ അറിയിക്കുകയും ചെയ്തി രുന്നു. ചില അടയാളങ്ങൾ എന്നെ സത്യപ്പെടുത്തുന്നതിന്നായി ഉന്ന തശീർഷരായവർക്ക് സ്വപ്നത്തിലൂടെ എന്റെ സത്യത വെളിപ്പെടു ത്തികൊടുത്തതുമായി ബന്ധപ്പെട്ടതാണ്. അവർ തിരുനബി(സ) യെ സ്വപ്നദർശനത്തിൽ കണ്ടു. സാഹിബുൽ ആലമുൽ ഹിന്ദ് കണ്ട തുപോലെ; ഇദ്ദേഹത്തിന് ഒരു ലക്ഷത്തിനടുത്ത് ശിഷ്യന്മാരാണുള്ള ത്. ഇതേപോലെ ഖാജാ ഗുലാം ഫരീദ് സാഹിബ് ഛാച്ടാൻ വാലാ എന്നവരും കണ്ടിരുന്നു. ആയിരക്കണക്കിന് പേർ അവർക്ക് സ്വപ്ന ത്തിൽ ഇദ്ദേഹം സത്യവാനാണെന്നും ദൈവത്തിൽനിന്നുള്ളവനാണെ ന്നും പറയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എന്റെ കൈയ്യിൽ ബൈ അത്ത് ചെയ്തതുമായി ബന്ധപ്പെട്ടതാണ് ചില അടയാളങ്ങൾ. ചില ർ ബൈഅത്ത് ചെയ്യാനുള്ള കാരണം തിരുനബി(സ)നെ അവർ സ്വപ്നത്തിൽ കാണുകയും തിരുദൂതർ അവരോട് പറയുകയും ചെയ്തു; ലോകം അവസാനിക്കാറായി, അല്ലാഹുവിന്റെ അവസാന ഖലീഫയും വാഗ്ദത്തമസീഹും ഇദ്ദേഹമാണ്. ചില അടയാളങ്ങൾ എന്റെ ജനനത്തിനുമുമ്പേ തന്നെ അതുമല്ലെങ്കിൽ എനിക്ക് പക്വത എത്തുന്നതിനുമുമ്പേ തന്നെ എന്റെ പേരെടുത്ത് പറഞ്ഞുകൊണ്ട് ചില മഹത്തുക്കൾ ഇദ്ദേഹമായിരിക്കും വാഗ്ദത്തമസീഹ് എന്ന് പറഞ്ഞിട്ടു ള്ളതാണ്. നിഅ്മത്തുല്ലാഹ് വലിയും മിയാൻ ഗുലാബ് ശാഹ് ജമാൽ പ്പൂർ ജില്ല, ലുധിയാന തുടങ്ങിയവർ. (ഹഖീഖത്തുൽ വഹ്‌യ്)

മറ്റൊരുസ്ഥലത്ത് ആ മഹാത്മാവ് വിവരിക്കുന്നു: 1904ൽ കറം ദീന്റെ ക്രിമിനൽ കേസ്സുമായി ബന്ധപ്പെട്ട്കൊണ്ട് ഞാൻ ഝഹ്‌ലമിൽ പോകുകയായിരുന്നു. വഴിയിൽ എനിക്ക് ഇൽഹാം ഉണ്ടായി. اُرِيْكَ بَرَكَاتٍ مِنْ كُلِّ طَرَفٍ എല്ലാ നിലക്കും നിനക്ക് അനുഗ്രഹങ്ങൾ ദൃശ്യമാകുന്നതാണ്. ഈ ഇൽഹാം ആ സമയത്ത് തന്നെ കൂടെയുള്ള എല്ലാവർക്കും കേൾപ്പിച്ചു. അൽ ഹകം എന്ന പത്രത്തിൽ എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ പ്രവചനം പുലർന്നത് ഇപ്ര കാരമാണ്. ഞാൻ ഝഹ്‌ലമിന് അടുത്തെ ത്തിയപ്പോൾ പതിനായി രത്തിൽപരം ആളുകൾ എന്ന കാണാനായി തടിച്ചുകൂടി. വഴിയിൽ മുഴുവനും ജനങ്ങളായിരുന്നു. എല്ലാവരും തന്നെ വളരെ വിനയാ ന്വിതരായി തലതാഴ്ത്തിയിരിക്കുന്നതുപോലെയായിരുന്നു. ജില്ലാ കോടതിക്ക് ചുറ്റും ജനങ്ങൾ തടിച്ചുകൂടിയത് കണ്ട് ഉദ്യോഗസ്ഥർ പോലും അന്തംവിട്ടുപോയി. അവിടെവെച്ച് 1100 ആളുകൾ ബൈ അത്ത് ചെയ്തു. 200 ഓളം സ്ത്രീകളും ബൈഅത്ത് ചെയ്ത് ഈ ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. എനിക്കെതിരിൽ കറംദീൻ നൽകിയിരുന്ന കേസ്സ് തള്ളപ്പെടുകയും ചെയ്തു. പലരും ആദര പൂർവ്വം ഉപഹാരം സമർപ്പിക്കുകയും ചെയ്തു. ഈ രീതിയിൽ നാ നാദാഗത്തുനിന്നും ബർക്കത്തുകൾ നിറച്ചു കൊണ്ട് ഞങ്ങൾ ഖാദി യാനിലേക്ക് യാത്ര തിരിച്ചു. വളരെ വ്യക്തമായ രീതിയിൽ ആ പ്രവ ചനം അല്ലാഹു പൂർത്തിയാക്കുകയും ചെയ്തു.

എഴുതുന്നു; ബറാഹീനെ അഹ്‌മദിയ്യായിലുള്ള ഒരു പ്രവചനം

سُبْحَانَ اللّٰهِ تَبَارَكَ وَتَعَالٰى زَادَ مَجْدَكَ

يَنْقَطِعُ اٰبَاؤُكَ وَيُبْدَءُ مِنْكَ

അല്ലാഹു എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനും വളരെയധികം അനുഗ്രഹീതനുമാണ്. നിന്റെ മഹത്വം അവൻ വർദ്ധിപ്പിക്കുന്നതാണ്. നിന്റെ പൂർവ്വികരുടെ സ്മരണ അറ്റുപോകുന്നതാണ്. അല്ലാഹു ഈ കുടുംബത്തിന്റെ മഹത്വം ഇനി നിന്നിൽ നിന്നും തുടങ്ങുന്നതുമാണ്. ഇത് പ്രവചിച്ച കാലത്ത് എനിക്ക് ഒരു വിധത്തിലുള്ള മഹത്വവും ഉണ്ടായിരുന്നില്ല. ഞാൻ ലോകത്ത് തന്നെ ഇല്ലാത്ത തുപോലെ ആരാലും അറിയപ്പെടാത്ത ഒരവസ്ഥയിലായിരുന്നു. ഈ പ്രവചനം നടത്തിയിട്ട് ഇപ്പോൾ മുപ്പത് വർഷം പിന്നിട്ടിരിക്കുകയാണ്. ഇപ്പോൾ നോക്കൂ. എത്ര മഹത്തരമായ രീതിയിലാണ് ആ പ്രവചനം പുലർന്നിരിക്കുന്നത്. ഇപ്പോൾ ആയിരക്കണക്കിന് ആളുകൾ എന്റെ ജമാഅത്തിൽ പ്രവേശിച്ചിരിക്കുന്നു. ഇതിനുമുമ്പ് ഇത്രമാത്രം മഹത്വം എനിക്ക് ലോകത്ത് ലഭിക്കും എന്ന് ആർക്കാണ് അറിയാമായിരുന്നത്. അല്ലാഹുവിന്റെ അടയാളങ്ങളെക്കുറിച്ച് ചിന്തിക്കാത്തവരിൽ അഹോ കഷ്ടം! പ്രവചനത്തിൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സന്താന പരമ്പരക്ക് തുടക്കം കുറിക്കപ്പെട്ടിരിക്കുന്നു. ഈ പ്രവചനത്തിന് ശേഷം നാല് ആൺകുട്ടികളും ഒരു പൗത്രനും രണ്ട് പെൺകുട്ടികളും എന്റെ വീട്ടിൽ ജനിച്ചിട്ടുണ്ട്. പ്രവചനം നടത്തുമ്പോൾ ഇവരാരും ഉണ്ടായിരുന്നില്ല.

ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഭൗതിക മക്കളും ലോകത്ത് വ്യാപിച്ചിരിക്കുന്നു; അതേപോലെ ആത്മീയ മക്കളും ലോകത്ത് വ്യാപിച്ചിരിക്കുന്നു. മാത്രമല്ല ഒരോ ദിവസവും ഇതിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഓരോ ദിവസം നാം പുതിയ ഓരോ അടയാളം കണ്ടുകൊണ്ടിരിക്കുകയാണ്. ഓരോ സമൂഹത്തിലും ഓരോ നാട്ടിലും **ഗുലാം അഹ്മദ് കീ ജെയ്** എന്ന മുദ്രാവാക്യം മാറ്റൊലികൊള്ളുകയാണ്. വാഗ്ദാനങ്ങളെ സത്യമായി പുലർത്തുന്ന അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മഹത്വത്തെ ഉയർത്തിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു തന്റെ വാഗ്ദാനങ്ങളെ ഒരിക്കലും പുലർത്താതിരിക്കില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചെയ്തിരിക്കുന്ന വാഗ്ദാനങ്ങളെ അവൻ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിൽ വിശ്വസിക്കുന്നവർക്ക് മറ്റുള്ളവരുടെ മേൽ ഖിയാമത്ത് നാൾ വരെ വിജയം നൽകും എന്ന വാഗ്ദാനവും തീർച്ചയായും അവൻ പൂർത്തിയാക്കുക തന്നെ ചെയ്യുന്നതാണ്.

അതുകൊണ്ട് ഈ വിജയത്തിന്റെ ഭാഗമായിത്തീരാൻ ഓരോ അഹ്മദിയും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എല്ലാ വാദങ്ങളിലും പൂർണ്ണവിശ്വാസം കൈകൊണ്ടുകൊണ്ട് പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു എപ്പോഴും നമ്മേ ഇതിൽ തന്നെ നിലനിറുത്തട്ടെ എന്ന് ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. വാഗ്ദത്ത മസീഹിനോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിന്നായി എപ്പോഴും അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നവരായി നാം മാറേണ്ടതാണ്.

അഹ്മദിയ്യത്തിന്റെ എതിരാളികൾ സമയാ സമയങ്ങളിൽ തങ്ങളുടെ ഹൃദയത്തിലുള്ള വിദ്വേഷവും പകയും പുറത്തെടുക്കാറുണ്ട്. പാക്കിസ്ഥാനിൽ പൊതുവിലുള്ള അവസ്ഥയാണിത്. അവിടെ ഇസ്ലാമിന്റെ പേരിൽ, അല്ലാഹുവിന്റെയും റസൂലിന്റെയും പേരിൽ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായി, പണ്ഡിതന്മാർക്ക് ഇഷ്ടപ്പെടാത്തതെന്തായാലും അവർ അതിനെതിരിൽ ഫതവ പുറപ്പെടുവിക്കുകയും ഇസ്ലാമിനെ അപകീർത്തിപ്പെടുത്തിക്കൊണ്ട് അക്രമം അഴിച്ചുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി ലോകം മുഴുവനും ഈ നാട് ദുഷ്പേര് സമ്പാദിച്ചിരിക്കുകയാണ്. അഹ്മദികളോട് അക്രമനടപടികൾ സ്വീകരിച്ചുകൊണ്ട് ഇബാദത്തിൽ നിന്ന് അവർ അഹ്മദികളെ തടയുകയുണ്ടായി. കലിമയിൽ നിന്നും അവരെ തടഞ്ഞിരുന്നു. എന്നാൽ അഹ്മദികളെ അവർക്ക് ഇബാദത്തിൽ നിന്നും കലിമ ചൊല്ലുന്നതിൽ നിന്നും വിട്ടു നിർത്താൻ സാധിച്ചില്ല. ഇവർ പരസ്പരം തമ്മിലടിക്കുകയും അവരുടെ പള്ളികൾ തന്നെ പരസ്പരം അടപ്പിക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് അവർ കൂപ്പുകുത്തിയിരിക്കുകയാണ്. ഗവൺമെന്റ് തലത്തിൽ തന്നെ അവരുടെ പള്ളികൾ പൊളിച്ചുനീക്കപ്പെടുന്നു. പള്ളികളിൽ നിന്നും ആയുധശേഖരങ്ങളാണ് പുറത്തെടുക്കപ്പെടുന്നത്. ഇത് സാധാരണയുള്ള സംഭവങ്ങളാണെങ്കിൽ ഇപ്പോൾ അവിടെ ഇസ്ലാമിന്റെ പേരും പറഞ്ഞ് ന്യൂനപക്ഷരായ ക്രൈസ്തവസമൂഹത്തിനെതിരെ ഭയാനകമായ അക്രമം അഴിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. മുല്ലാക്കൾക്ക് തോന്നുന്നതിനെ ഇസ്ലാമിന്റെ പേരിൽ, ഇസ്ലാമികവിരുദ്ധം എന്ന് പറഞ്ഞ് മുദ്രകുത്താനുള്ള അവസരം അവിടെയുണ്ട്. നിയമവാഴ്ച നാട്ടിൽ ഇല്ല എന്ന് തന്നെ പറയാം. നീതിപീഠം നടപ്പിൽ വന്നു എന്നും എല്ലാം ശുഭമായി എന്നുമൊക്കെ പെരുമ്പറയടിക്കുന്നുണ്ടെങ്കിലും ഇതെല്ലാം തന്നെ വെറും രാഷ്ട്രീയ ലാഭങ്ങൾക്ക് വേണ്ടി മാത്രമുള്ളതാണ്. എന്നാൽ ഒരു പാവപ്പെട്ടവന്റെ അവകാശങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെടുമ്പോൾ ഈ നീതിപീഠവും മറ്റും എല്ലാം വെറും നോക്കുകുത്തികളാണ്. അതുകൊണ്ട് പാക്കിസ്ഥാനിലെ അഹ്മദികൾ അവരുടെ നാടിന് വേണ്ടി ഈ അവസ്ഥയെല്ലാം മനസ്സിലാക്കി ദുആ ചെയ്യേണ്ടതാണ്.

പാക്കിസ്ഥാനിൽ അഹ്മദികൾക്കെതിരിലുള്ള അക്രമം ഒരു തുടർക്കഥയാണ്. 1974 ലും 1984 ലും നമുക്കെതിരെ കരിനിയമം പാസ്സാക്കിയതു മുതൽ ഇതാണ് സ്ഥിതി. രാഷ്ട്രീയ നേതാക്കൾ അവരുടെ നിലനിൽപ്പ് ഭയപ്പെട്ടുകൊണ്ട് മൗലവിമാരുടെ ഇംഗിതമനുസരിച്ച് തുള്ളുകയാണ്. ഇവരോടുള്ള ഭയം കാരണം നീതിക്ക് വേണ്ടി ശബ്ദിക്കാൻ അവിടെ ആരുമില്ല. പാക്കിസ്ഥാന്റെ അവസ്ഥ വളരെ മോശമായി കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പാക്കിസ്ഥാനിലെ അഹ്മദികൾ അവരുടെ നാടിന്നായി പ്രത്യേക ദുആ ചെയ്യുക. അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുക. അവന്റെ സംരക്ഷണത്തിന്നായി തേടുക. അല്ലാഹുവിന് വേണ്ടി പ്രവർത്തിക്കുക. സദഖകൾ കൂടുതലായി നൽകുക. അഹ്മദിയ്യ ജമാഅത്ത് വിജയിക്കും എന്നത് തീർച്ചയാണ്. (ഇ.അ) അല്ലാഹു എല്ലാ ശർറിൽനിന്നും ഓരോ അഹ്മദിയേയും സംരക്ഷിക്കുമാറാകട്ടെ. ജമാഅത്തിനെ പാക്കിസ്ഥാനിലും മറ്റു നാടുകളിലും തന്റെ പ്രത്യേക സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. യു.കെ.ജൽസക്ക് ശേഷം ചില അറബുനാടുകളിൽ അവിടെയുള്ള അധികാരികൾ അവിടെയുള്ള അഹ്മദികളെ ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുന്നു. എതിർപ്പുകൾ ഉപേക്ഷിച്ച് മസീഹ് മൗഊദ് (അ)ന്റെ വാദത്തെ അംഗീകരിക്കുന്നവരായും, തിരുനബി (സ) യുടെ സലാം മഹ്ദീ ഇമാമിന് എത്തിക്കുന്നവരായും അവർ മാറട്ടെ. അല്ലാഹു തആലാ ഓരോ അഹ്മദിയുടേയും വിശ്വാസം ശക്തിപ്പെടുത്തട്ടെ.

ഇന്നും ഒരു വേദനാജനകമായ വാർത്ത വന്നിട്ടുണ്ട്. പാക്കിസ്താനിലെ മുൽത്താനിൽ നമ്മുടെ ഒരു സഹോദരൻ റാനാ അതാഉൽ കരീം നൂർ സാഹിബിനെ ഇന്നലെ ആയുധധാരികളായ മൂന്ന് പേർ വീട്ടിൽ ഒളിഞ്ഞിരുന്ന് കൊണ്ട് ശഹീദാക്കുകയുണ്ടായി. (إِنَّا لِلّٰهِ وَإِنَّـا إِلَيْهِ رَاجِعون). 36 വയസ്സായിരുന്നു. മൂസിയായിരുന്നു. ജമാഅത്തിനോട് വളരെ കൂറുള്ള വ്യക്തിയായിരുന്നു.

കുറച്ച് ദിവസമായി ചിലർ അദ്ദേഹത്തിന്റെ വീടിനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നതായി അദ്ദേഹം കണ്ടിരുന്നു. അതുകൊണ്ട്

രണ്ട് സഹോദരന്മാരും രാത്രിയിലും മാറി മാറി വീടിന് കാവൽ നിന്നിരുന്നു. അദ്ദേഹം തന്റെ വീട്ടിൽ നിന്നും പുറത്തിറങ്ങി. പത്ത് - പതിനഞ്ച് മിനിറ്റ് നേരത്തേക്ക് ഒരു കടയിൽ പോയതായിരുന്നു. എന്നാൽ അദ്ദേഹം പോകുമ്പോൾ സിറ്റിംഗ് റൂമിന്റെ വാതിൽ അടക്കാതെ പോയി എന്ന അബദ്ധം അദ്ദേഹത്തിന് പറ്റി. അപ്പോൾ മൂന്ന് ആയുധധാരികൾ അകത്ത് കയറി ഒളിച്ചിരുന്നു. വീട്ടിലുള്ളവരെ റൂമുകളിലിട്ട് പൂട്ടിക്കളഞ്ഞു. എന്നിട്ട് അവർ ഇദ്ദേഹത്തെ കാത്തിരുന്നു. ഇദ്ദേഹം വീട്ടിൽ പ്രവേശിച്ച ഉടനെ വെടിവെക്കുകയും മൂന്ന് വെടി ഇദ്ദേഹത്തിനേൽക്കുകയും സംഭവസ്ഥലത്ത് വെച്ച് തന്നെ ശഹീദാക്കുകയും ചെയ്തു. വിദ്യാസമ്പന്നനായിരുന്നു. ബിസിനസ്സായിരുന്നു ജോലി. അഗ്രിക്കൾച്ചറിൽ മാസ്റ്റർ ഡിഗ്രി എടുത്തിട്ടുണ്ട്. മാതാപിതാക്കളും ഭാര്യയും രണ്ട് പെൺകുട്ടികളുമാണ് ഇദ്ദേഹം വിട്ടേച്ച് പോയത്. മൂന്ന് സഹോദരിമാരും നാല് സഹോദരന്മാരുമുണ്ട്.

അദ്ദേഹത്തിന്റെ ജനാസയോടൊപ്പം ഹാളിറായ ജനാസയുമുണ്ട്. ചൗധരി ഇനായത്തുല്ലാഹ് സാഹിബ് ത്വാരിഖിന്റെതാണ്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇൻസ്പെക്ടറായിരുന്നു. إِنَّا لِلّٰهِ وَإِنَّـــا إِلَيْهِ رَاجِعُونَ വഖ്ഫെ സിന്തകിയായിരുന്നു. 50 വർഷത്തിൽ കൂടുതൽ ജമാഅത്തിന്നായി സേവനമനുഷ്ടിച്ചിട്ടുണ്ട്. നല്ല ആളായിരുന്നു. ഖിലാഫത്തിനോട് കൂറുള്ള വ്യക്തിയുമായിരുന്നു. ഹബീബുല്ലാഹ് ത്വാരിഖ് എന്ന ഇദ്ദേഹത്തിന്റെ ഒരു മകൻ ജർമ്മനിയിൽ സെക്രട്ടറി സൻഅത്തോ തിജാറത്താണ്. മറ്റൊരു മകൻ നമ്മുടെ ഒരു മുബല്ലിഗും ഇപ്പോൾ ഫിജിയിലെ അമീറും മുബല്ലിഗ് ഇൻചാർജുമായ ഫള്ലുല്ലാഹ് ത്വാരിഖ് സാഹിബാണ്.

ഇത് കൂടാതെ നേരത്തെ വിളംബരപ്പെടുത്തിയ ജനാസ ഗായിബും നമസ്ക്കരിപ്പിക്കുന്നതാണ്. 1. ജഃ മുഹമ്മദ് ഹുസൈൻ സാഹിബ് ലോസ് ആഞ്ചലസ്, അമേരിക്ക. 2. ചൗധരി ഖാദിം ഹുസൈൻ സാഹിബ് നാസിറാബാദ്, സിന്ദ്. 3. ലോനി നഹ്‌വി സാഹിബ, സിറിയ. 4. സജ്ജാദ് അഹ്മദ് സാഹിബ് , മുറബ്ബി സിൽസില. ഇദ്ദേഹത്തേ ആരോ റബ്‌വയിൽ വെച്ച് ശഹീദാക്കുകയായിരുന്നു. 5.അമത്തിൽ ബശീർ മഹ്‌റീൻ സാഹിബ, ലാഹോർ.6. രഹ്ന ഹമീദ് സാഹിബ ലാഹോർ.

അല്ലാഹു ഇവരുടെ എല്ലാവരുടേയും പദവികൾ ഉയർത്തിമാറാകട്ടെ. മഗ്ഫിറത്ത് നൽകുമാറാട്ടെ. സന്തപ്ത കുടുംബാംഗങ്ങൾക്ക് അല്ലാഹു സഹനം നൽകുമാറാകട്ടെ.


**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 07 - 08 - 2009 at**
**Baithul Futuh,London**
**UK.**

**വിവർത്തനം**
എം. നാസർ അഹ്മദ്
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**